പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :3499

08.11.2019-ൽ
മറുപടിയ്ക്ക്

## എഞ്ചിനിയറിംഗ് വിദ്യാഭ്യാസരംഗത്ത് കാലഹരണപ്പെട്ട സിലബസ് മാറ്റുന്നതിന് നടപടി

*ചോദ്യം*
ശ്രീ.എം. സ്വരാജ്

*ഉത്തരം*
ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എഞ്ചിനിയറിംഗ് വിദ്യാഭ്യാസരംഗത്ത് നിലവിലുള്ള സിലബസ് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാത്തതും, കാലഹരണപ്പെട്ടതുമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ എഞ്ചിനിയറിംഗ് വിദ്യാഭ്യാസരംഗത്ത് സിലബസ് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് 2015 ൽ പരിഷ്കരിച്ചതാണ്. AICTE മാർഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2019 ൽ പരിഷ്കരിച്ച സിലബസാണ് നിലവിലുള്ളത്. |
| (ബി) | ഇത്തരം കാലഹരണപ്പെട്ട സിലബസ് മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | (ബി) | എഞ്ചിനിയറിംഗ് മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 2019 ൽ സിലബസ് പരിഷ്കരിക്കുകയും പുതിയ കോഴ്സുകൾ തുടങ്ങുകയും ചെയ്യാൻ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ അക്കാദമിക് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ; | (സി) | 2019 ലെ പുതുക്കിയ കരിക്കുലത്തിൽ ഇൻഡസ്ട്രിയുമായി ചേർന്ന് ഇന്റർ ഡിസ്സിപ്ലിനറി കോൺസെപ്റ്റ്സ് ആവിഷ്ക്കരിക്കാൻ തീരുമാനമായിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ഡേറ്റ സയൻസ്, റോബോട്ടിക്സ് തുടങ്ങിയ തൊഴിൽ സാധ്യതയുള്ള നൂതന മേഖലകളിൽ ബി.ടെക് വിദ്യാർത്ഥികൾക്ക് മൈനർ പ്രോഗ്രാമുകൾ നൽകാൻ തീരുമാനമായിട്ടുണ്ട്. അതിലേക്കായി ASAP ഉം ആയി ധാരണാപത്രത്തിൽ ഒപ്പ് വെച്ചിട്ടുണ്ട്. B.Voc (Bachelor of Vocation) തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനായി വിദേശരാജ്യങ്ങളിലെ വിദ്യാഭ്യാസരംഗമുൾപ്പെടെയുള്ള മേഖലയിൽ അറിവുള്ളവരും വൈദഗ്ധ്യം ഉള്ളവരുമായ വ്യക്തികൾ അടങ്ങുന്ന സമിതിയെ നിയോഗിക്കുമോ;വിശദാംശം അറിയിക്കുമോ? | (ഡി) | തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ